(എ) അനാഥ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനും മറ്റും എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ തലത്തിൽ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുട്ടികൾക്ക് ഏതെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് സീറ്റ് സംവരണം നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകൾക്കാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അനാഥാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിന് ധനസഹായം നൽകുന്നുണ്ട്. കോഴ്സിന് ചെലവാകുന്ന തുകയുടെ 50 ശതമാനമോ 20,000 രൂപയോ ഏതാണ് കുറവെന്നുവച്ചാൽ ആ തുക ഒരു വർഷം 140 പേർക്ക് (എല്ലാ ജില്ലയിലുമായി) നൽകിവരുന്നുണ്ട്.

(ബി, സി) ഉണ്ട്. സംസ്ഥാന മെഡിക്കൽ കോളേജുകളിൽ നടത്തുന്ന ഡി. ഫാം. കോഴ്സുകളിൽ നാല് സീറ്റുകൾ അനാഥാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

സ്ത്രീകൾ നടത്തുന്ന വ്യവസായങ്ങൾക്ക് സഹായം എത്തിക്കാൻ നടപടി

36 [5592] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ത്രീകൾ നടത്തുന്ന വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സഹായമെത്തിക്കുന്നതിനും അവർക്ക് വേണ്ടുന്ന സാങ്കേതിക ഉപദേശം നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് സാമൂഹ്യക്ഷേമ വകുപ്പ് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ 'കുടുംബശ്രീ' മുഖേന വനിതകളുടെ സ്വയം സഹായ ഗ്രൂപ്പുകൾക്കും സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന വനിതാ സംരംഭങ്ങൾക്കും ആവശ്യമായ സഹായം എത്തിക്കുന്നതിനുള്ള സംവിധാനമുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകുവാൻ ഇപ്പോൾ ഉദ്ദേശ്യമില്ല.

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം

37 [5593] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവ വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly